


## പുൽപ്പറ്റ പി.ഒ

# മുന്നോട്ട്

## അക്കാദമിക് മാസ്റ്റർ പ്ലാൻ




**2025-2026**

G.L.P. SCHOOL
PULPETTA.P.O
Date.........
VALAMANGALAM-676 123

KBindu

## ഉള്ളടക്കം


- ആമുഖം
- പൊതുലക്ഷ്യങ്ങൾ
- സാമൂഹ്യബന്ധ ആസൂത്രണ രേഖ
- മേഖല

1. അക്കാദമികം
2. ഇംഗ്ലീഷ് ഭാഷശേഷി വികാസം
3. വ്യക്തിത്വ വികാസത്തിന് ക്ലബ്ബുകൾ
4. ലാബിലൂടെ - അനുഭവാധിഷ്ഠിതപഠനം
5. ഐടി - ആധുനിക സാങ്കേതികത ഉപയോഗിച്ചുള്ള പഠനം
6. കലാ പഠനം
7. ആരോഗ്യ കായികം
8. പ്രവർത്തി പരിചയം
9. ഭൗതിക സൗകര്യ വികസന ആസൂത്രണ രേഖ
10. മോണിറ്ററിംഗ്
11. ഉപസംഹാരം

- Daily Description
- Growing sentences
- One day - One word
- Script writing
- Readers Theater
- പാട്ടരങ്ങ്
- സംയുക്ത ഡയറി
- സർഗ്ഗാത്മക ഡയറി
- കാവ്യോത്സവം
- അമ്മ മാഗസിൻ
- എന്റെ വാക്യങ്ങൾ
- നേരറിവ്
- അനുഭവ വിവരണം
- കിഡ്സ് പാർക്ക്
- സ്കൂൾ പാർലമെന്റ്
- ഡെയ്‌ലി അസംബ്ലി
- Meet with Artist
- Meet with Excellence
- പഠനോത്സവ പ്രവർത്തനം

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്നുറപ്പ് വരുത്തൽ
2. ലോവർ പ്രൈമറി ഘട്ടത്തിൽ കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കും.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
4. എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തും.
5. ശാസ്ത്ര പഠനത്തിൽ താൽപര്യമുണർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കും.
6. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തും. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കും.
7. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.
8. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തും.
9. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കും.

# സമൂഹബന്ധ ആസൂത്രണ രേഖ

വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് സമൂഹത്തിന്റെ പങ്കാളിത്തം ഒഴിച്ചുകൂടാനാകാത്തതാണ്. ക്ലബ്ബുകൾ, പൂർവ്വ വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ ഇവരുടെയെല്ലാം പങ്കാളിത്വം, സഹകരണം, സഹായം വിദ്യാലയത്തിന് ലഭ്യമാക്കേണ്ടതുണ്ട്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| രക്ഷിതാക്കളുടെ പങ്കാളിത്തം | ജനറൽ ബോഡി യോഗം<br>വികസന ലക്ഷ്യങ്ങൾ<br>ചർച്ച<br>ചുമതല വിഭജനം | ജൂൺ - മാർച്ച് |
| വിദ്യാഭ്യാസ നിലവാരം ഉയർത്തൽ | സി.പി.ടി.എ യോഗം ചർച്ച<br>കോർണർ പി.ടി.എ | ജൂൺ - മാർച്ച്<br>(ഓരോ മാസത്തിലും) |
| പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ | യോഗങ്ങൾ<br>ദിനാചരണങ്ങൾ<br>സ്കൂൾ വാർഷികം<br>പ്രവേശനോത്സവം, ആഘോഷങ്ങൾ ഇവയിൽ പങ്കാളിത്തം നൽകുന്നു. ശിൽപശാല | ജൂൺ - മാർച്ച്<br>(ഓരോ മാസത്തിലും) |
| ഗൃഹ സന്ദർശനത്തിലൂടെ കുട്ടിയെ കൂടുതൽ അറിയുക | യോഗങ്ങളിൽ സ്ഥിരമായി പങ്കെടുക്കാത്ത രക്ഷിതാക്കളെ നേരിൽ കാണുന്നു. കുട്ടിയുടെ കുടുംബ പശ്ചാത്തലം | മൂന്ന് മാസത്തിലൊരിക്കൽ |

| | | |
|---|---|---|
| | തിരിച്ചറിയുന്നു. | |
| പി.ഇ.സി. പങ്കാളിത്തം വിദ്യാലയത്തിൽ ഉറപ്പാക്കൽ | ജന പ്രതിനിധികളെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നു. | ജൂൺ - മാർച്ച് |
| പകർച്ച വ്യാധികൾ, മലിനീകരണം, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കൽ | ബോധവൽക്കരണ ക്ലാസ്<br>സി.ഡി. പ്രദർശനം<br>നോട്ടീസ്<br>പത്രവാർത്ത | പ്രശ്നം അനുഭപ്പെടുമ്പോൾ |
| വായനാ ശേഷി വർധിപ്പിക്കൽ | ദിനാചരണം<br>അമ്മവായന<br>ലൈബ്രറി ശാക്തീകരണം<br>വായനാചങ്ങാത്തം<br>റീഡിംഗ് കാർഡ് ശിൽപശാല<br>കോർണർ ലൈബ്രറി | ഓരോ ടേമിലും |

മേഖല : അക്കാദമികം ഉപമേഖല : പഠന മികവ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ | പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ കുട്ടികളുടെ പഠനനില കണ്ടെത്തുന്നതിന് പ്രീടെസ്റ്റ് നടത്തുന്നു.<br>പിന്നോക്കം നിൽക്കുന്ന കുട്ടികളെ കുറിച്ച പഠനം നടത്തുന്നു.<br>കുടുംബപശ്ചാത്തലം പിന്നോക്കമേഖല തുടങ്ങിയവ.<br>പിന്നോക്കക്കാർക്കുള്ള മൊഡ്യൂൾ വിനിമയം പിന്നോക്കക്കാരായ രക്ഷിതാക്കൾക്ക് പരിശീലനം.<br>SMC രൂപീകരണം<br>പിന്നോക്കക്കാർക്ക് പഠന സാമ | 2,3,4 | ജൂൺ<br>ജൂലായ് മുതൽ ജനുവരി വരെ | അധ്യാപകർ<br>അധ്യാപകർ<br>SSG | പിന്നോക്കക്കാർക്കുള്ള മൊഡ്യൂൾ 3000.<br>പിന്നോക്കക്കാർക്ക് പഠന സാമഗ്രികൾ തയ്യാറാക്കൽ 5000.<br>വർക്ക്ഷീറ്റുകൾ 3000. |

| | | | | | | |
|---|---|---|---|---|---|---|
| | | ഗ്രികൾ തയ്യാറാക്കുന്നു.<br>കുട്ടിയിലുണ്ടാകുന്ന പുരോഗതി വിലയിരുത്തുന്നു. | | ജനുവരി | | |
| 2. | എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കൽ | എല്ലാമാസവും ക്ലാസ്സ് ടെസ്റ്റുകൾ നടത്തുന്നു. ക്ലാസ് പി.ടി.എ നടത്തൽ, പ്രതിവാര SRG ചേരൽ, ക്ലാസ് തല SSG രൂപീകരണം, ശിൽപശാലകൾ | 1,2,3,4 | ജൂൺ മുതൽ | അധ്യാപകർ<br>PTA | വർക്ക് ഷീറ്റുകൾ 5000 |
| 3. | പഠന പ്രക്രിയയിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പുവരുത്തൽ | എല്ലാമാസവും ക്ലാസ് പി.ടി.എ ചേരൽ<br>കുട്ടിയുടെ പഠന പുരോഗതി വിലയിരുത്തൽ<br>ക്ലാസ്സ് പി.ടി.എ യിൽ രക്ഷാകർതൃ സഹായി വിതരണം | | ജൂൺ മുതൽ എല്ലാ മാസവും | | |
| 4. | കുട്ടികളെ നല്ല വായനക്കാരാക്കൽ | ക്ലാസ് തല വായനാമൂല, ലൈബ്രറി, ഗണിതമൂല സജ്ജമാക്കൽ, റീഡിംഗ് കാർഡുകൾ തയ്യാറാക്കൽ, വായനാകുറിപ്പ് തയ്യാറാക്കൽ, അസംബ്ലിയിൽ | 1,2,3,4 | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>PTA<br>SSA | ക്ലാസ് ലൈബ്രറി വായനാമൂലകൾ ഗണിതമൂല 15000 |

| | | | | | | |
|---|---|---|---|---|---|---|
| | | വായനാ കുറിപ്പ് വായന | | | | |
| 5. | മത്സര പരീക്ഷകൾ, സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവക്ക കുട്ടികളെ പരിശീലിപ്പിക്കൽ | ഒരു ദിനം ഒരറിവ്<br>ടെസ്റ്റുകൾ നടത്തൽ, ക്വിസ്, രചനാ മത്സരങ്ങൾ നടത്തൽ, വിദഗ്ദരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ.<br>മാസാന്ത G K Test<br>മികവുകൾ പുരസ്ക്കാരങ്ങൾ | 1,2,3,4 | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ<br>P T A | മത്സര പരീക്ഷകൾക്ക് പരിശീലനം 5000<br>മികവുകൾക്ക് പുരസ്ക്കാരം 4000<br>ആകെ 400000 |

മേഖല : ഇംഗ്ലീഷ് ഭാഷാ ശേഷി വികാസം

| SL No. | Objectives | Activities | Class | Period | Duty | Economic Activities |
|---|---|---|---|---|---|---|
| 1. | To enable all children to read and write without mistake | Label to all objectsin side and outside the class room | 1 to IV | Short Term | Class Teacher | |
| 2. | To enrich English Vocabulary | Stick Directions Written in English in different Places.<br>One day One word<br>Growing sentence | 1 to IV | Mid Term | Class Teacher | |
| 3. | To Develop Communicative Skill in English | Prayer in English Pledge in English, English Radio News, English Short Films. Story telling in Assembly<br>Description | 1 to V | Long Term | Class Teacher | |

മേഖല : അക്കാദമികം ഉപമേഖല : പഠന മികവ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | ക്ലാസ്റും പ്രവർത്തനങ്ങളുടെ ആവിഷ്ക്കാരത്തിനും പ്രകടനത്തിനും പ്രയോഗത്തിനും അവസരം ഒരുക്കുന്നു. പഠന പ്രക്രിയയെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ | **ദിനാചരണങ്ങൾ**<br>• അഭിമുഖം<br>• വൃക്ഷത്തൈ നടൽ<br>• ചോദ്യാവലി<br>• ഓരോ ദിനാചരണവുമായി ബന്ധപ്പെടുത്തി കുട്ടികൾ ശേഖരിച്ച വസ്തുതകൾ ഉൾപ്പെടുത്തി വർഷാവസാനം ഒരു കുട്ടിക്ക് അല്ലെങ്കിൽ ഒരു ക്ലാസിന് ഒരു മാഗസിൻ. അതിൽ മികച്ചത് കണ്ടെത്തൽ. പ്രോത്സാഹന സമ്മാനം നൽകൽ.<br>• ക്വിസ് മത്സരം, ഫീൽഡ് ട്രിപ്പ്, പരീക്ഷണം, ചുമർ പത്രിക നിർമ്മാണം, പോസ്റ്റർ നിർമ്മാണം. | 1,2,3,4 | അതാതു ദിവസങ്ങൾ (ദീർഘ കാലം) | അധ്യാപകർ വിദ്യാർത്ഥികൾ<br>പി.ടി.എ<br>അധ്യാപകർ വിദ്യാർത്ഥികൾ | 1000 |

| | | | | | | |
|---|---|---|---|---|---|---|
| | | • ദിനാചരണ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നു. ദിനാചരണ കലണ്ടർ തയ്യാറാക്കുന്നു.<br>**കുട്ടികൾ തയ്യാറാക്കൽ**<br>• ഇവയെ അടിസ്ഥാനമാക്കി പ്രതിമാസ മത്സരങ്ങൾ (ക്വിസ്, പ്രസംഗം, രചന, പ്രഭാഷണം)<br>• എല്ലാ മാസവും പത്രങ്ങൾ പുറത്തിറക്കുക.<br>• ക്ലബ്ബുകൾക്ക് പ്രതിദിന ചുമതലകൾ നിശ്ചയിക്കുക.<br>• ക്ലബ്ബ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തി ഗ്രേഡ് നൽകുക.<br>• ഏറ്റവും നല്ല ക്ലബ്ബ് അംഗങ്ങളെ തെരെഞ്ഞെടുത്ത് വർഷാവസാനം അവാർഡുകൾ നൽകുക. | 3,4 | ദീർഘ കാലം | പൂർവ്വ വിദ്യാർത്ഥികൾ<br>അധ്യാപകർ<br>വിദ്യാർത്ഥികൾ | 1500<br>500 |

| | | | | | | |
|---|---|---|---|---|---|---|
| | | • ക്ലബ്ബുകൾക്ക് വാർഷിക പ്രവർത്തന കലണ്ടർ രൂപീകരിക്കുക. തനത് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, സംഘാടനം, നിർവഹണം, പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന സ്ഥലം, പ്രാദേശിക ചുമതല എന്നിവ കലണ്ടറിൽ ഉൾപ്പെടുത്തണം.<br>• ഒയനാ മത്സരം നടത്തൽ | | | | 500 |
| 2. | കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് വഴിയൊരുക്കൽ | ക്ലബ്ബുകൾ<br>• വിദ്യാലയത്തിന് അനിവാര്യമായും ഉണ്ടായിരിക്കേണ്ട ക്ലബ്ബുകൾ രൂപീകരിക്കുക, ശാസ്ത്രം, പരിസ്ഥിതി, ഗണിതം, ആരോഗ്യം, ഇംഗ്ലീഷ്, വിദ്യാരംഗം.<br>• എല്ലാ കുട്ടികളും ഒരു ക്ലബ്ബിലെങ്കിലും അംഗമാകുക.<br>• താൽപര്യമുള്ള കുട്ടികൾക്ക് ഒന്നിൽ കൂടുതൽ ക്ലബ്ബിൽ | 1,2,3,4 | ഹ്രസ്വ കാലം (ജൂൺ, ജൂലൈ) | അധ്യാപകർ<br>വിദ്യാർത്ഥികൾ | |

| | | | | | | |
|---|---|---|---|---|---|---|
| | | നേതൃത്വം നൽകുക.<br>• ദിനാചരണങ്ങളെ ബന്ധപ്പെട്ട ക്ലബ്ബുമായി ഏകോപിപ്പിക്കുക.<br>• എല്ലാ ക്ലബ്ബുകൾക്കും പ്രത്യേകം വാർത്താ ബോർഡുകൾ<br>• ക്ലബ്ബ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നോട്ടീസ്, പോസ്റ്റർ, ചുമർ പത്രിക.<br>• കുട്ടികളുടെ ഹരിത സഭ പ്രവർത്തനം<br>• ക്ലബ്ബ് പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി എസ്.എസ്.ജി രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി മീഡിയ ഗ്രൂപ്പ് രൂപീകരിക്കുക.<br>• പൂർവ്വ വിദ്യാർത്ഥികളെയും പ്രാദേശികമായി മുൻപന്തിയിൽ നിൽക്കുന്നവരെയും ഉൾപ്പെടുത്തി സംഘടന രൂപീകരിക്കൽ. | 1,2,3,4 | ഹ്രസ്വ കാലം (ജൂൺ, ജൂലൈ) | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | | ഗണിതലാബ് രൂപീകരണം.<br>• പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി അധ്യാപകർ, രക്ഷിതാക്കൾ, ക്ലബ്ബ് അംഗങ്ങൾ എന്നിവരുടെ സഹായത്തോടെ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് സജ്ജീകരിച്ച് വയ്ക്കുക. ഈ ഉൽപ്പന്നത്തിന്റെ സഹായത്തോടെ ഗണിത പഠനം രസകരമാക്കുക. താത്പര്യം ജനിപ്പിക്കൽ<br>**<u>ഉൽപ്പന്നങ്ങൾ</u> :** പാമ്പും കോണിയും, പൊട്ടുകൾ, ഒട്ടിച്ച ചാർട്ട്, ക്ലോക്ക്, അബാക്കസ്<br>വിവിധ ക്ലബ്ബ് പ്രവർത്തന റിപ്പോർട്ടുകൾ<br>അനുബന്ധ പ്രവർത്തനങ്ങൾ | | | അധ്യാപകർ<br>രക്ഷിതാക്കൾ | |

മേഖല : അനുഭവാധിഷ്ഠിത പഠനം ലാബിലൂടെ ഉപമേഖല : ഗണിത ലാബ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | അനുഭവത്തിലൂടെയുള്ള പഠനത്തിന് അവസരം ഒരുക്കൽ | • ഓരോ കുട്ടിക്കും ഗണിത കിറ്റ്<br>• ഓരോ യൂണിറ്റിലെയും ഗണിതാശയ രൂപീകരണത്തിനുതകുന്ന സാമഗ്രികൾ ലിസ്റ്റ് ചെയ്യുന്നു. | 1,2,3,4 | ഹ്രസ്വ കാലം ജൂൺ | അധ്യാപകർ | 1000 |
| | | • കുട്ടികളുടെ സഹായത്തോടെ അവ ശേഖരിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു.<br>• ഉല്ലാസ ഗണിതം. കിറ്റ് ഉപയോഗം | 1,2,3,4 | ജൂൺ മാർച്ച് | അധ്യാപകർ, കുട്ടികൾ, എസ്എസ്ജി രക്ഷിതാക്കൾ | |
| 2. | പഠനം രസകരവും ലളിതവുമാക്കി മാറ്റാൻ | • ഗണിത കേളികൾക്കാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുന്നു. (പാമ്പും കോണിയും, ജിഗ്സോ, പദപ്രശ്നങ്ങൾ, ഡോമിനോ കട്ടകൾ തുടങ്ങിയവ . . . | 1,2,3,4 | ഹ്രസ്വ കാലം ജൂൺ | അധ്യാപകർ കുട്ടികൾ എസ്എസ്എ | |

| | | | | | | |
|---|---|---|---|---|---|---|
| | | • മാന്ത്രിക ചതുരങ്ങൾ, മാന്ത്രിക കളങ്ങൾ, സംഖ്യാ പാറ്റേണുകൾ എന്നിവയുടെ ചാർട്ട് | 1,2,3,4 | ഹ്രസ്വ കാലം | രക്ഷിതാക്കൾ | |
| 3. | അറിവു നിർമ്മാണത്തിന് അവസരം ലഭിക്കാൻ | • വിവിധ ക്രിയകൾ വ്യത്യസ്ത രീതിയിൽ ചെയ്യുന്നതിന്റെ ചാർട്ട് പ്രദർശിപ്പിക്കണം.<br>• ഗണിത പുരാവസ്തുക്കൾ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു. | 2,3,4<br>2,3,4 | ഹ്രസ്വ കാലം<br>സെപ്തംബർ - നവംബർ | അധ്യാപകർ<br>അധ്യാപകർ രക്ഷിതാക്കൾ വിദ്യാർത്ഥികൾ | 500 |
| 4. | സ്വയം പഠനത്തിനും സൃഷ്ടി അവസരം ഒരുക്കുന്നു | • അബാക്കസ്, ടെൻ ഫ്രെയിം തുടങ്ങിയവ സ്വതന്ത്രമായി ഉപയോഗിക്കാനുള്ള സൗകര്യം ഒരുക്കുന്നു.<br>• ഗണിത ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോഗ്യാലറി<br>• ഗണിത ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു | 1,2,3,4 | ദീർഘ കാലം | അധ്യാപകൻ രക്ഷിതാവ് കുട്ടികൾ | 8500 |

| | | | | | | |
|---|---|---|---|---|---|---|
| | | • സങ്കലന ഗുണന വസ്തുതകൾ ഡിസ്പ്ലേ... | | | | |
| | | | | | ആകെ | 10000 |

മേഖല : അനുഭവാധിഷ്ഠിത പഠനം ലാബിലൂടെ     ഉപമേഖല : ശാസ്ത്ര ലാബ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- | --- |
| 1. | അനുഭവത്തിലൂടെയുള്ള പഠനത്തിന് അവസരം ഒരുക്കൽ | • പ്രതീക്ഷിക്കപ്പെടുന്ന പുതിയ കെട്ടിടത്തിന്റെ ശാസ്ത്രലാബ് ക്രമീകരിക്കുന്നു. ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുന്നു. ഓരോ ക്ലാസിനും വേണ്ട സാമഗ്രികൾ, രാസ വസ്തുക്കൾ തുടങ്ങിയവ മുൻകൂട്ടി പട്ടികയാക്കുന്നു, സജ്ജീകരിക്കുന്നു. ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട മോഡലുകൾ, ചിത്രങ്ങൾ ലഭ്യമാക്കുന്നു. ശാസ്ത്രജ്ഞരുടെ ഫോട്ടോ ഗ്യാലറി, ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു. | 1,2,3,4<br>1,2,3,4 | ദീർഘ കാലം | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ<br>പഞ്ചായത്ത്<br>എസ്എസ്എ | 100000<br>20000 |
| 2. | സ്വയം പഠനത്തിനും സൃഷ്ടിപരതക്കും അവസരം ഒരുക്കുന്നു | • കുട്ടികൾക്ക് സ്വയം പരീക്ഷണം ചെയ്യാനാവും വിധം ലാബ് ക്രമീകരിക്കുന്നു. ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ അസംബ്ലി, ബാല സഭയിൽ ലഘു | 1,2,3,4 | 1/മാസം | ശാസ്ത്രക്ലബ്ബ് | |

| | | | | | | |
|---|---|---|---|---|---|---|
| | | പരീക്ഷണങ്ങൾ നടത്തുന്നു. | | | | |
| 3. | അറിവു നിർമ്മാണത്തിന് അവസരം ലഭിക്കുന്നു. | • കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ, എസ്.എം.സി എന്നിവയുടെ ആഭിമുഖ്യത്തിൽ സംയുക്തമായി പരീക്ഷണ സാമഗ്രികൾ ശേഖരിക്കുകയും തയ്യാറാക്കുകയും ചെയ്യുന്നു. | 1,2,3,4 | 1/മാസം | അധ്യാപകൻ<br>രക്ഷിതാവ്<br>വിദ്യാർത്ഥികൾ | |
| | | | | | ആകെ | 120000 |

മേഖല : അനുഭവാധിഷ്ടിത പഠനം ലാബിലൂടെ

ഉപമേഖല : ഭാഷാ ലാബ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | അനുഭവത്തിലൂടെയുള്ള പഠനത്തിനും അറിവു നിർമ്മാണത്തിനും അവസരം ലഭിക്കുന്നു. | • പ്രതീക്ഷിക്കപ്പെടുന്ന പുതിയ കെട്ടിടത്തിൽ ഭാഷാ ലാബ് ഒരുക്കുന്നു.<br>• ലാബില് ഇംഗ്ലീഷ്, മലയാളം, അറബിക് എന്നിവക്ക് പ്രത്യേകം ഇടങ്ങൾ സജ്ജമാക്കുന്നു. ആവശ്യ ഫർണിച്ചർ ലഭ്യമാക്കുന്നു. | 1,2,3,4 | ദീർഘ കാലം | അധ്യാപകർ<br>പി.ടി.എ<br>എസ്.എസ്.എ | 50000 |
| | | • ഓരോ ക്ലാസ്സിലും പാഠഭാഗവുമായി ബന്ധപ്പെട്ട് ലാബിലേക്ക് വേണ്ട സാധനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. അവ സജ്ജീകരിക്കുന്നു. പ്രയോജനപ്പെടുത്തുന്നു. | 1,2,3,4 | ജൂൺ | ടീച്ചേഴ്സ് | 10000 |
| | | • പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ തയ്യാറാക്കി ശിൽപശാല അവതരിപ്പിക്കുന്നു. | | ജൂൺ | ടീച്ചേഴ്സ്<br>വിദ്യാർത്ഥികൾ | 5000 |

| | | | | | | |
|---|---|---|---|---|---|---|
| 2. | പഠനം ലളിതവും രസകരവുമാക്കി മാറ്റൽ | • ലാബിൽ ലാപ്ടോപ്, ഡിക്ഷ്ണറി, ഹോംതിയേറ്റർ, എൽ.ഇ.ഡി ടി.വി, റേഡിയോ എന്നിവ സജ്ജമാക്കുന്നു. | 1,2,3,4 | ദീർഘ കാലം | അധ്യാപകർ വിദ്യാർത്ഥികൾ | 50000 |
| | | • ഇന്റർവെൽ സമയങ്ങളിൽ മൈക്കിലൂടെ കഥകളും കവിതകളും കേൾപ്പിക്കുന്നു. | 1,2,3,4 | ആഴ്ച്ചയിലൊരിക്കൽ | ക്ലബ്ബുകൾ | |
| | | • വാർത്താ വായന, കഥപറയൽ അവതരണങ്ങൾക്ക് സാഹചര്യമൊരുക്കുന്നു. | | | | |
| 3. | സ്വയം പഠനത്തിനും സൃഷ്ടിപരതക്കും അവസരം ഒരുക്കുന്നു. | • അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിനുള്ള പഠനോപകരണങ്ങൾ ലാബിൽ സജ്ജീകരിക്കുന്നു. അവ യഥേഷ്ടം ഉപയോഗിക്കാനുള്ള അവസരം നൽകുന്നു. | 1,2,3,4 | ജൂൺ | ടീച്ചേഴ്സ് പി.ടി.എ കുട്ടികൾ | 2000 |
| | | • വിവിധ തരം വസ്തുക്കളുടെ ചിത്ര ചാർട്ടുകൾ, മോഡലുകൾ എന്നിവ പ്രദർശിപ്പിക്കുകയും അവയിൽ മലയാളത്തിലും, | 1,2,3,4 | ഹ്രസ്വ കാലം | അധ്യാപകർ കുട്ടികൾ | 500 |

| | | | | | | |
|---|---|---|---|---|---|---|
| | | ഇംഗ്ലീഷിലും, അറബിയിലും പേരെഴുതി പ്രദർശിപ്പിക്കുന്നു. | | | | |
| | | • മഹാന്മാരുടെ ഫോട്ടോ ഗ്യാലറി | 1,2,3,4 | ദീർഘ കാലം | പി.ടി.എ | 1000 |
| | | • വിവിധ ഭാഷകളിലുള്ള പത്രങ്ങൾ, മാഗസിനുകൾ, നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങിയവ ലാബിൽ ലഭ്യമാക്കും. | 1,2,3,4 | ദീർഘ കാലം | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ | |
| | | • ഭാഷാ ലൈബ്രറി ഒരുക്കുന്നു. | 1,2,3,4 | ദീർഘ കാലം | സ്പോൺസേർഡ് | 5000 |

മേഖല : വായന, എഴുത്ത്                                    ഉപമേഖല :

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളെയും വായനാ ശീലമുള്ളവരാക്കുക | • ലൈബ്രറിയിലെ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ - തരം തിരിക്കൽ | | ജൂൺ | അധ്യാപകൻ | |
| | | • വായനാ മത്സരങ്ങൾ സംഘടിപ്പിക്കൽ | 2,3,4 | | | |
| | | • വായനാ കൂട്ടങ്ങൾ രൂപീകരിക്കൽ | 1,2,3 | ഹ്രസ്വ കാലം | അധ്യാപകൻ | 3000 |
| | | • വായനാ ക്ലബ്ബ് രൂപീകരണം | 3,4 | | | |
| | | • വായിക്കാനിത്തിരി നേരം | 2,3,4 | | | |
| | | • പത്രവായന - അസംബ്ലിയിൽ | | | അധ്യാപകർ | 5000 |
| | | • വായനാ കാർഡ് - ശിൽപശാല | | ആഗസ്ത് | വിദഗ്ദർ | |
| | | • ക്ലാസ് ലൈബ്രറി | 1,2,3,4 | ഹ്രസ്വ കാലം | രക്ഷിതാക്കൾ | 5000 |

| | | | | | | |
|---|---|---|---|---|---|---|
| 2. | ലൈബ്രറിയുപയോഗം മുഴുവൻ കുട്ടികളുടെയും ശീലമാക്കുക | • ക്ലാസ് ലൈബ്രറി | 2,3,4 | ദീർഘകാലം | അധ്യാപകൻ | 4000 |
| | | • വീട്ടിലൊരു ലൈബ്രറി | 2,3,4 | ദീർഘകാലം | രക്ഷിതാക്കൾ | 2000 |
| | | • കൂടുതൽ പുസ്തകം വായിച്ചവർക്ക് സമ്മാനം നൽകൽ | 2,3,4 | | അധ്യാപകർ | |
| | | • വായനാ ക്വിസ് | | മാസം | | |
| | | • ജന്മദിനത്തിൽ ഒരു പുസ്തകം ക്ലാസിലേക്ക് | 3,4 | തോറും | അധ്യാപകർ | |
| | | • അമ്മമാർക്കു ലൈബ്രറി | 1,2,3,4 | | രക്ഷിതാക്കൾ | |
| | | • വായനാകുറിപ്പ് അവതരണം | | | | |
| 3. | വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിനുള്ള അവസരം സൃഷ്ടിക്കൽ | • അസംബ്ലിയിൽ പുസ്തക പരിചയം | 3,4 | | | |
| | | • വായിച്ച പുസ്തകത്തെക്കുറിച്ച് വാചികമായി അവതരിപ്പിക്കൽ | 2,3,4 | ഹ്രസ്വ കാലം | അധ്യാപകൻ | |
| | | • വായിച്ച കാര്യങ്ങൾ ചുരുക്കു പറയൽ | 3,4 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | • വായനാകുറിപ്പ് അവതരണം | | | | |
| 4. | കുട്ടികളുടെ രചനാ പരമായ കഴിവ് വളർത്തൽ | • വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കൽ<br>• വായനാ കുറിപ്പ് മത്സരം<br>• സ്കൂൾ പത്രം തയ്യാറാക്കൽ<br>• സർഗാത്മക രചനകൾ പതിപ്പാക്കൽ<br>• ക്യാമ്പ് (സാഹിത്യ) സംഘടിപ്പിക്കൽ<br>• ശിൽപശാലകൾ | 3,4<br>3,4<br>3,4<br>3,4<br>3,4 | ഓരോ ടേമിലും | അധ്യാപകർ<br>അധ്യാപകർ<br>വിദഗ്ദർ | 2500<br>5000<br>5000<br>4000 |
| 5. | സമൂഹ പങ്കാളിത്തത്തോടെ ലൈബ്രറി വികസിപ്പിക്കുക | • എല്ലാ ക്ലാസിലും പത്രം എത്തിക്കൽ<br>• ബാല മാസികകൾ ക്ലാസ് ലൈബ്രറിയിലേക്ക്<br>• പുസ്തക ശേഖരണം | 1,2,3,4<br>1,2,3,4 | ദീർഘകാലം | ക്ലബ്ബ് സംഘടനകൾ<br>ക്ലബ്ബ്<br>രക്ഷിതാക്കൾ<br>രക്ഷിതാക്കൾ | 2500<br>2500<br>2500 |

മേഖല : ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള പഠനം

ഉപമേഖല : ഐടി അധിഷ്ടിത പഠനത്തിലേക്കൊരു കാൽവെപ്പ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. | • കുട്ടികളുടെ പാഠ്യ പാഠ്യേതര വിഷയങ്ങളിലും പഠന സാഹിത്യ സാംസ്ക്കാരിക മേഖലകളിലും ഐ.സി.ടി ഉപയോഗിക്കുക. | 1,2,3,4 | ദീർഘ കാലം | അധ്യാപകർ | |
| | | • കമ്മ്യൂണിക്കേഷൻ സ്കിൽ വികസിപ്പിക്കുക. (ഐ.സി.ടി ഉപയോഗിച്ച് വിവിധ ഭാഷകളിൽ) | 1,2,3,4 | ദീർഘ കാലം | അധ്യാപകർ | |
| | | • ഡിജിറ്റൽ പെയിന്റിങ്, ആനിമേഷൻ തുടങ്ങിയവയിലുള്ള പരിശീലനം | 3,4 | ഹ്രസ്വകാലം (ഓഗസ്റ്റ് - സെപ്തംബർ) | അധ്യാപകർ | |
| 2. | ഐ.ടി അധിഷ്ടിത പഠനത്തിലൂടെ പഠനം ലളിതവും രസകരവുമാകുക | • എല്ലാ പാഠങ്ങളുമായി ബന്ധപ്പെട്ട ഐടി വിഭവങ്ങൾ തയ്യാറാക്കുക.<br>• ജിയോജിബ്രികസുമായി ബന്ധപ്പെ | 1,2,3,4 | ഹ്രസ്വ കാലം (ജൂൺ - ജൂലൈ) | അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| | | ടുത്തി പഠന പ്രവർത്തനങ്ങൾ ചെയ്യുക<br>• ഐ.ടി വിദഗ്ധരായ രക്ഷിതാക്കളുടെ ഗ്രൂപ്പ് രൂപീകരിക്കുക. പഠന വിവരങ്ങളും മറ്റും കുട്ടികളിലേക്ക് എത്തിക്കുക.<br>• ഇ-ക്യൂബ് പ്രവർത്തനങ്ങൾ (ക്ലാസ് തലം) | 1,2,3,4<br>1,2,3,4 | ദീർഘ കാലം<br>ഹ്രസ്വ കാലം (ജൂൺ - ജൂലൈ) | അധ്യാപകർ<br>അധ്യാപകർ രക്ഷിതാക്കൾ | |
| 3. | എല്ലാ അധ്യാപകരെയും ഐ.ടി അധിഷ്ഠിത ബോധനത്തിന് പ്രാപ്തമാക്കുക. | • അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുക. ( 3 ക്ലാസ്സുകൾ)<br>• എല്ലാ അധ്യാപകരും ഐ.ടി അധ്യാപനത്തിന് പ്രാപ്തരായെന്ന് ഉറപ്പുവരുത്തുക | | ഹ്രസ്വ കാലം (ജൂൺ - ജൂലൈ) | ഐ.ടി ട്രൈനേഴ്സ് | 5000 |
| 4. | എല്ലാ കുട്ടികളെയും ഐ.ടി സാക്ഷരരാക്കുക | • കമ്പ്യൂട്ടർ ഉപയോഗിക്കേണ്ട രീതി പഠിപ്പിക്കുക.<br>• കമ്പ്യൂട്ടർ ഉപയോഗിച്ച് പുനർ പ്രവർത്തനങ്ങൾ ചെയ്യിക്കുക. | 1,2,3,4 | എല്ലാ ആഴ്ച്ചകളിലും (ദീർഘ കാലം) | അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| | | • ടൈപ്പിങ്, ഷയർ ഫോൾഡർ തയ്യാറാക്കൽ എന്നിവ പരിശീലിപ്പിക്കുക. | | | | |
| 5. | അറിവു നിർമ്മാണ പ്രക്രിയയിൽ ഐ.സി.ടി സാധ്യത ഉറപ്പാക്കുക | • ഇന്റർനെറ്റ് ഉപയോഗിച്ച് വിവരങ്ങൾ കണ്ടെത്തുക | 3,4 | ഹ്രസ്വ കാലം (ജൂലൈ - ഓഗസ്റ്റ്) | അധ്യാപകർ, രക്ഷിതാക്കൾ | |
| 6. | ഹൈടെക് സ്കൂളാക്കി ഉയർത്തുക | • എല്ലാ ക്ലാസ്സ് റൂമുകളിലും എൽ.സി.ഡി പ്രൊജക്ടർ/ സ്മാർട്ട് ടി.വി വെക്കുക. | | 1,2,3,4<br>(8 ക്ലാസ് റൂം)<br>ദീർഘ കാലം | ഡിപ്പാർട്ട്മെന്റ് / പി.ടി.എ / എസ്.എസ്.ജി) | 400000<br>200000 |

മേഖല : കലാ പഠനം                ഉപമേഖല :

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | കുട്ടികൾക്ക് കലാ പഠനത്തിന് അവസരം ഒരുക്കൽ | • ക്ലാസ് തലത്തിൽ ബാലസഭ<br>• സ്ക്കൂൾതലത്തിൽ ബാലസഭ<br>• പാഠഭാഗത്തെ പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള കലകൾ അവതരണം. | 1,2,3,4<br>1,2,3,4<br>1,2,3,4 | ഓരോ ആഴ്ച്ചയിലും<br>മാസത്തിലൊരിക്കൽ<br>രണ്ടാഴ്ച്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ<br>അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| 2. | കുട്ടികളുടെ നൈസർഗിക കഴിവുകൾ പരിപോഷിപ്പിക്കൽ | • കലാപരമായി മുന്നിട്ടു നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ<br>• സഹവാസ ക്യാമ്പുകൾ | 1,2,3,4 | ആഴ്ച്ചയിൽ ഒരു ദിവസം | കലകളിൽ പ്രാവീണ്യം നേടിയ വ്യക്തികൾ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ | 10000 |
| 3. | മേളകളിൽ മികച്ച വിജയം കൈവരിക്കൽ | • സ്ക്കൂൾ കലാമേള | 1,2,3,4 | | " " | 5000 |

മേഖല :

ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളുടെയും കായിക ക്ഷമത ഉറപ്പാക്കുക | • എല്ലാ ദിവസവും നിശ്ചിത സമയം കായിക പരിശീലനത്തിന് അവസരം ഒരുക്കൽ | 1,2,3,4 | ദീർഘ കാലം | | |
| | | • കായിക ക്ഷമത ഉപകരണങ്ങൾ വിദ്യാലയത്തിൽ സ്ഥാപിക്കൽ | 1,2,3,4 | 3 കൊല്ലം | LSGD | 5000 |
| | | • വിവിധ വ്യായാമ മുറകളിൽ പരിശീലനം നൽകൽ | | | | |
| | | • എയറോബിക്സ് | 3,4 | | | |
| | | • ആഴ്ച്ചയിലൊരിക്കൽ യോഗാ പരിശീലനം ഏകദിന ക്യാമ്പ് | | | പരിശീലനം നേടിയ അധ്യാപകർ | |
| | | • ആഴ്ചയിലൊരിക്കൽ മാസ്ഡ്രിൽ | 3,4 | | | |
| | | • അതിജീവനം | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2. | ഗെയിംസ് പരിശീലനം | • വിദ്യാലയ കോമ്പൗണ്ടിൽ സ്പോർട്സ് കോർട്ടുകൾ നിർമ്മിക്കുകയും ഗെയിംസുകളിൽ പരിശീലനം നൽകുകയും ചെയ്യുക. | 3,4 | 5 കൊല്ലം | | 2000 |
| 3. | കായിക മാനസികാരോഗ്യത്തിന് വിവിധ വ്യായാമ മുറകൾ | • സമ്പൂർണ്ണ സൈക്ലിംഗ് സാക്ഷരത, ഇതിനാവശ്യമായ സൈക്കിൾ ലഭ്യമാക്കുക. | 1,2,3,4 | ദീർഘ കാലം | പരിശീലനം നേടിയ അധ്യാപകർ | 15000 |
| | | • എയറോബിക്സ് പരിശീലനം, ഡ്രസ് നൽകുക | 3,4 | | അധ്യാപകർ | 10000 |
| | | • എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം | 3,4 | | BRC | |
| | | • സ്കൂളിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുക, നീന്തൽ ഡ്രസ്സുകൾ ലഭ്യമാക്കുക | | ദീർഘ കാലം | LSGD | 120000 |
| | | • നാടൻ കളികളിൽ പരിശീലനം നൽകൽ | 1,2,3,4 | | അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 4. | ആരോഗ്യ ശീലങ്ങൾ വളർത്തുക | • ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ<br>• പോഷകാഹാരം, വ്യത്യസ്ത വിഭവങ്ങളടങ്ങിയത് ലഭ്യമാക്കുക.<br>• സ്കൂളിനെ മലിനമുക്തമാക്കുക, ഹരിതാഭമാക്കുക.<br>• ഇതിനാവശ്യമായ ബയോ ഡൈവേഴ്സിറ്റി സ്ഥാപിക്കുക<br>• ഭക്ഷണത്തിനായി 5 കുഴിയുള്ള പാത്രം എല്ലാവർക്കും ലഭ്യമാക്കുക. | 1,2,3,4<br>1,2,3,4<br>1,2,3,4 | 1 കൊല്ലം<br>3 കൊല്ലം | പ്രഗത്ഭരായ അധ്യാപകർ<br>LSGD<br>PTA | 15000 |
| 5. | ആധുനപശ ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുക | • ക്ലാസ് മുറികളിൽ നൽകുന്ന ആരോഗ്യവുമായി ബന്ധപ്പെട്ടവ ICT യുടെ ഉപയോഗം.<br>• മാസ് ഡ്രിൽ, എയറോബിക്സ്, യോഗ എന്നിവയുടെ വീഡിയോ പ്രദർശനം | 1,2,3,4<br>1,2,3,4 | അധ്യാപകർ | | |

മേഖല : പ്രവർത്തി പരിചയം                    ഉപമേഖല : പഠനത്തോടൊപ്പം കൈത്തൊഴിൽ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | പഠനത്തോടൊപ്പം വിവിധങ്ങളായ കൊത്തൊഴിലുകളിൽ പരിശീലനം | ഏകദിന പരിശീലനം | 1,2,3,4 | ജൂൺ മാസത്തിൽ ഒരിക്കൽ | വിദഗ്ദരായ വ്യക്തികൾ, രക്ഷിതാക്കൾ, അധ്യാപകർ | 3000 |
| | പരിസര മലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ പുനരുപയോഗം | കരകൗശല നിർമ്മാണം ഏകദിന പരിശീലനം | 1,2,3,4 | രണ്ടു മാസത്തിൽ ഒരിക്കൽ | വിദഗ്ദരായ വ്യക്തികൾ, രക്ഷിതാക്കൾ, അധ്യാപകർ | 4000 |
| | കുട്ടികളുടെ ചിന്ത, ഭാവന എന്നിവ വികസിപ്പിക്കാൻ അവസരം ഒരുക്കൽ | ഞാനും ഉണ്ടാകും . . . ചുറ്റുപാടുകളിൽ നിന്നും കിട്ടുന്ന വസ്തുക്കളിൽ നിന്നും ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കൽ | 1,2,3,4 | മാസത്തിൽ ഒരിക്കൽ | അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാർത്ഥികൾ | |

# ഭൗതിക സൗകര്യ വികസന ആസൂത്രണ രേഖ

## പൊതു ലക്ഷ്യങ്ങൾ

1. സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കുക.
2. സമൂഹത്തിന്റെ മാറിവരുന്ന സൗന്ദര്യബോധം പ്രതിഫലിക്കുന്ന സ്കൂൾ കെട്ടടങ്ങൾ.
3. ശുചിത്വപൂർണ്ണവും ആരോഗ്യകരവും ഹരിതാഭവുമായ വിദ്യാലയ ക്യാമ്പസ്.
4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സഞ്ചാരത്തിന് ഉപയുക്തമായ ക്യാമ്പസ്.
5. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്താവുന്ന ഹൈടെക് ക്ലാസ് മുറി.
6. മികവുറ്റ വിദ്യാഭ്യാസം മികവാർന്ന പഠനാനുഭവത്തിലൂടെ.
7. കളിച്ചുല്ലസിക്കാൻ കിഡ്സ് പാർക്ക്

## പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്യാമ്പസ് തന്നെ ഒരു പുസ്തകം<br>• ജൈവ വൈവിധ്യ പാർക്ക്<br>• പൂന്തോട്ടം<br>• ഔഷധ സസ്യതോട്ടം<br>• കലഭോദ്യാനം | • ടസാസൈറ്റി, ബാങ്ക് തുടങ്ങിയ സ്പോൺസർമാരെ കണ്ടെത്തുന്നു.<br>• ജൈവ വൈവിധ്യ പാർക്കിനു വേണ്ട സ്ഥലം കണ്ടെത്തുന്നു.<br>• എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.<br>• വേണ്ട സ്ഥലം കല്ല് പടുത്തു വേർതിരിക്കുക.<br>• ചെടികൾ വെച്ചുപിടിപ്പിക്കുന്നു. | 6 മാസം | പി.ടി.എ<br>എസ്.എം.സി<br>വികസന സമിതി | 100000 |
| പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസിനു വേണ്ടി തുണി സഞ്ചി വിതരണം | • പ്രാദേശിക സഹായം ലഭ്യമാക്കൽ<br>• എല്ലാ വിദ്യാർത്ഥികൾക്കും തുണി സഞ്ചി വിതരണം | 6 മാസം | പി.ടി.എ.<br>എസ്.എം.സി<br>വികസന സമിതി | 25000 |
| ക്ലാസ് മുറികൾ ആകർഷകമാക്കൽ<br>• ബാഗും പഠനോപകരണങ്ങളും | • പ്രാദേശിക സ്പോൺസർഷിപ്പ് ലഭ്യമാക്കൽ | 4 മാസം | എസ്.എം.സി<br>പി.ടി.എ | 50000 |

| | | | | |
|---|---|---|---|---|
| സൂക്ഷിക്കാൻ ക്ലാസ് ഷെൽഫ് | • ഓരോ ക്ലാസിലും ക്ലാസ് ഷെൽഫ്<br>• ഷെൽഫ് നിർമ്മാണം | | വികസന സമിതി | |
| ചുറ്റുമതിൽ, പ്രവേശന കവാടം ആകർഷണീയമാക്കൽ | • പ്രാദേശിക ഭരണ കൂടത്തെ സമീപിക്കുന്നു.<br>• നിർമ്മാണം | 1 വർഷം | എസ്.എം.സി<br>പി.ടി.എ<br>വികസന സമിതി | 600000 |
| ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നല്ല വൃത്തിയുള്ള ക്ലാസ്മുറികളിൽ പഠനം | • പുതിയ ക്ലാസ് മുറികൾ പ്രാദേശിക ഭരണകൂടത്തിന്റെ സഹായത്താൽ നിർമ്മാണം.<br>• ടൈൽ ഇടൽ<br>• സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റൽ | 2/3 വർഷം | എസ്.എം.സി<br>പി.ടി.എ<br>വികസന സമിതി<br>ഏജൻസികൾ<br>പഞ്ചായത്ത്<br>എം.എൽ.എ | 1 കോടി |
| കലാപരമായി കഴിവുകൾ വികസിപ്പിക്കാനും പ്രകടിപ്പിക്കുവാനും സ്റ്റേജ് നിർമ്മാണം. | • പ്രാദേശിക ഭരണകൂടത്തെ സമീപിക്കുന്നു.<br>• എം.എൽ.എ, എം.പി സമീപിക്കൽ<br>• നിർമ്മാണം | 1 വർഷം | എസ്.എം.സി<br>പി.ടി.എ<br>വികസന സമിതി | 300000 |

| | | | | |
|---|---|---|---|---|
| ശാരീരിക മാനസിക ഉല്ലാസത്തിനുള്ള കളി പാർക്കുകൾ നിർമ്മിക്കൽ | • പ്രാദേശിക സ്പോൺസർമാരെ കണ്ടെത്തുന്നു.<br>• നിർമ്മാണം | 2 വർഷം | എസ്.എം.സി<br>പി.ടി.എ<br>വികസന സമിതി | 100000 |
| കുട്ടികൾക്ക് സുരക്ഷിതമായ വാഹന സൗകര്യം | • ജനപ്രതിനിധിയെ സമീപിക്കുന്നു.<br>• നിവേദനം നൽകുന്നു. | 1 വർഷം | എസ്.എം.സി<br>പി.ടി.എ<br>വികസന സമിതി | 10 ലക്ഷം |
| സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂൾ ആക്കുക. | • നിവേദനം തയ്യാറാക്കുന്നു.<br>• ഡിപ്പാർട്ട്മെന്റ് വഴി മുന്നോട്ടു നീങ്ങുന്നു. | മാർച്ച് - ജൂൺ | പി.ടി.എ<br>എസ്.എം.സി<br>വികസന സമിതി | |

## മോണിറ്ററിംഗ് സമിതി

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, വാർഡ് മെമ്പർ, SMC ചെയർമാൻ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, പി.ടി.എ, എം.ടി.എ പ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന സമിതി മോണിറ്ററിംഗ് നടത്തണം.

# ഉപസംഹാരം

വിദ്യാഭ്യാസം മനുഷ്യനന്മയ്ക്ക് എന്ന ആശയം ഉയർത്തിപ്പിടിച്ച് വരും തലമുറയെ വാർത്തെടുക്കാൻ ശ്രമിക്കുന്ന ഈ വിദ്യാലയം അതിന്റെ എല്ലാ പരാധീനതകളെയും ഉൾക്കൊണ്ടുതന്നെ ഈ യജ്ഞത്തിൽ പങ്കാളികളാവുകയാണ്.

അതുകൊണ്ടുതന്നെ എല്ലാ വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് ഈ അക്കാദമിക പ്ലാൻ തയ്യാറാക്കിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി മുന്നേറാൻ കഴിയട്ടെ എന്നു പ്രത്യാശിക്കുന്നു. അതിനായി നല്ലവരായ പൊതുജനങ്ങളുടെയും പ്രാദേശിക ഭരണകൂടത്തിന്റെയും സർക്കാരിന്റെയും സഹായസഹകരണങ്ങൾ ഉണ്ടാവുമെന്നും പ്രതീക്ഷിക്കുന്നു. ഈ വിദ്യാലയത്തിന്റെ യു.പി.സ്കൂൾ ആവുക എന്ന സ്വപ്നവും യാഥാർത്ഥ്യമാകട്ടെ എന്നും പ്രത്യാശിക്കുന്നു.